(9) മുസ്ലീം നാടാർ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്

ശ്രീ. സി. മൊയിൻകുട്ടി : സർ, മുസ്ലീം-നാടാർ സമുദായങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് കഴിഞ്ഞ കാലത്ത് വിദ്യാഭ്യാസത്തിനായി നൽകിവന്നിരുന്ന സ്കോളർഷിപ്പ് വർഷങ്ങളായി ക്യത്യമായി നൽകുന്നില്ല. വളരെയേറെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗം ഇതുകാരണം വളരെയധികം വിഷമിക്കുകയാണ്. അവർ സ്കൂളിൽ നിന്നും പിരിഞ്ഞുപോയതിനു ശേഷമാണ് പല പ്പോഴും ഒരു കൊല്ലത്തിൽ 100 രൂപ വീതമുള്ള ഈ ചില്ലറ കാശുപോലും അവർക്ക് ലഭിക്കുന്നത്. ഈ സംഖ്യ വിതരണം ചെയ്യുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിനെ ഏല്പിച്ചു എന്നുപറയുന്നു. പക്ഷേ ജില്ലാ പഞ്ചായത്തിന്റെ പക്കൽ ഇപ്പോൾ ഫണ്ടില്ലാത്തതുകൊണ്ട്, ഈ തുക ക്യത്യമായി വിതരണം ചെയ്യാനും സാധിക്കുന്നില്ല. വളരെയേറെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തെ കൈപിടിച്ചുയർത്തുന്നതിനുവേണ്ടിയുള്ള ചെറിയ ഈ ആശ്വാസമെങ്കിലും ക്യത്യസമയത്ത് കൊടുക്കണമെന്ന് വിനീതമായി ഞാൻ അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-97 വർഷം പ്രൈമറി വിഭാഗത്തിന് 60,60,000 രൂപയും സെക്കണ്ടറി വിഭാഗത്തിന് 65 ലക്ഷം രൂപയും 1997-98 വർഷം പ്രൈമറി വിഭാഗത്തിന് 1,30,80,000 രൂപയും സെക്കണ്ടറി വിഭാഗത്തിന് 1,11,00,000 രൂപയും 1998-99 വർഷം പ്രൈമറി വിഭാഗത്തിന് 90,25,000 രൂപയും സെക്കണ്ടറി വിഭാഗത്തിന് 90 ലക്ഷം രൂപയും നാടാർ-മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2000 ജനുവരി ഒന്നുവരെ മുസ്ലീം നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പിന്റെ കുടിശ്ശിക പ്രൈമറി വിഭാഗത്തിന് 2,38,00,000 രൂപയും സെക്കണ്ടറി വിഭാഗത്തിന് 2,69,00,000 രൂപയും ആയി. മുസ്ലീം-നാടാർ-ആഗ്ലോഇൻഡ്യൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കുടിശ്ശിക തീർത്തു നൽകുന്നതിനാവശ്യമായ അധികത്തുക ധനാഭ്യർത്ഥനയ്ക്കുള്ളിലെ മിച്ച തുകയുടെ റി-അപ്രോപ്രിയേഷൻ വഴി കണ്ടെത്താനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികകൾ പരമാവധി തീർത്തുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) ക്ഷേത്രങ്കണങ്ങളിൽ കലാപരിപാടികൾക്ക് നിയന്ത്രണം

ശ്രീ. പിരപ്പൻ കോട് മുരളി : സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് നൃത്തം, നാടകം തുടങ്ങിയ ജനകീയ കലാരൂപങ്ങൾ നിരോധിച്ചുകൊണ്ടിറക്കിയ ഉത്തരവിനെ സംബന്ധിച്ചാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. Festivals in Temples-Performance of Derogatory programmes not conducived to the holy atmosphere of Temple-prohibited എന്ന 20-12-1999-ലെ ദേവസ്വം ബോർഡ് ഉത്തരവ് പ്രകാരം ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിൽ നടത്തുന്ന കലാരൂപങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ ഉത്തരവ് വന്നശേഷം വർഷങ്ങളായി ക്ഷേത്രങ്കണങ്ങളിൽ നടത്തിവരുന്ന നാടകം അടക്കമുള്ള വിവിധ ജനകീയ കലാരൂപങ്ങൾ ക്ഷേത്രങ്ങൾ അവതരിപ്പിക്കുന്നത് നിരോധിച്ചിരിക്കുകയാണ്. കേരളത്തിൽ നാടകം, നൃത്തം തുടങ്ങി വിവിധ കലാരംഗങ്ങളിൽ പ്രവർത്തിരിക്കുന്ന നൂറു കണ.

LIBRARY ARCHIVES Kerala Legislative Assembly

ക്കിന് കലാകാരന്മാരുടെ തൊഴിലിനെ ബാധിക്കുന്നതാണ് ഈ ഉത്തരവ്. എത്രയോ കാലങ്ങളായി കേരളത്തിലെ ക്ഷേത്രങ്കണങ്ങളിൽ വിവിധ കേരളീയ കലാരൂപങ്ങൾ, അതിന്റെ എല്ലാ തനിമയോടുകൂടി അവതരിപ്പിക്കുകയും ലക്ഷക്കണക്കിന് പ്രേക്ഷകർ ജാതിമത ഭേദമെന്യേ അവ അസ്വദിക്കുകയും ചെയ്തു പോരുകയാണ്. അതുമൂലം ക്ഷേത്രങ്കണങ്ങളുടെ പവിത്രതയ്ക്കും പരിപാവനതയ്ക്കും എന്തെങ്കിലും തകരാറ് സംഭവിച്ചതായി തോന്നുന്നില്ല. ഇതിനു വിരുദ്ധമായി എവിടെയെങ്കിലും എന്തെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ മലയാളത്തിന്റെ മഹത്തായ കലാരൂപങ്ങൾ ക്ഷേത്ര പരിസരത്തുനിന്ന് ഒഴിവാക്കുന്നത് ഒരിക്കലും ശരിയല്ല. മത സൗഹാർദ്ദവും മതസാഹോദര്യവും നിലനിൽക്കുന്ന കേരളീയ അന്തരീക്ഷത്തിൽ മതമൗലിക വാദികൾക്ക് അനാവശ്യമായി ഇടപെടാനുള്ള അവസരം സൃഷ്ടിക്കുകയാണ് ഇതിൽക്കൂടി ചെയ്യുന്നത്. അതിനാൽ ദേവസ്വം ബോർഡിന്റെ ദുരുദ്ദേശപരമായ ഈ ഉത്തരവ് പിൻവലിക്കാനുള്ള നിർദ്ദേശം അടിയന്തിരമായി നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ദേവസ്വം ബോർഡിന്റെ പ്രവർത്തങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി 1990-ൽ നിയോഗിച്ച് ഹൈ പവർ കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിൽ ഗീതാപാരായണം, ആത്മീയ പ്രഭാഷണം തുടങ്ങിയവ നടത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർദ്ദേശിച്ചിരുന്നു. ഉത്തരവങ്ങളോടനുബന്ധിച്ച് ഹരികഥ, കൂത്ത്, പാഠകം, ഓട്ടൻതുള്ളൽ തുടങ്ങിയ ക്ഷേത്ര അന്തരീക്ഷത്തിന് യോജിച്ച കലാരൂപങ്ങൾ നടത്തണമെന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ക്ഷേത്രാന്തരീക്ഷത്തിന് ഒട്ടും യോജിക്കാത്ത രീതിയിലുള്ള ബ്രേക്ക് ഡാൻസ്, മിമിക്സ് പരേഡ് മുതലായവയും ഹിന്ദുമതത്തേയും ആചാരങ്ങളേയും മോശമായി ചിത്രീകരിച്ചുകൊണ്ടുള്ള ചില നാടകങ്ങളും മറ്റും ചില ക്ഷേത്രഭാരവാഹികൾ നടത്തുന്നു എന്നകാര്യം ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അത്തരം പാരിപാടികൾ ഒഴിവാക്കുന്നതിനുള്ള നടപടി എന്ന മട്ടിൽ മുൻപ് നിർദ്ദേശിച്ചതുപോലെ ഹരികഥ, കൂത്ത്, പാഠകം, ഓട്ടൻതുള്ളൻ, കഥകളി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകണമെന്ന് കാണിച്ച് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ജനകീയ കലാപരിപാടികളൊന്നും നിർത്തിവച്ചിട്ടില്ല എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്. All Kerala State Performers Protection Council ഇക്കാര്യത്തിൽ സർക്കാരിനു ഒരു നിവേദനം നൽകി. ഇതിന്മേൽ ദേവസ്വം ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഏതു സാഹചര്യത്തിലാണ് ഇത്തരമൊരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ദേവസ്വം ബോർഡിനോട് ആരാഞ്ഞിട്ടുണ്ട്. നാടകം, ഗാനമേള തുടങ്ങിയവ ഉത്സവ പ്രോഗ്രാമുകളിൽനിന്ന് ഒഴിവാക്കുന്നതിനുള്ള ഒരു നടപടിയും ദേവസ്വം ബോർഡിൽ നിന്നുണ്ടായിട്ടില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് അടുത്തദിവസം തന്നെ ദേവസ്വം ബോർഡ് അധികൃതരുമായി ചർച്ച ചെയ്തു ഇക്കാര്യത്തിൽ കുറച്ചു കൂടി വ്യക്തതയുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly